വിജിലൻസ് കേസുകൾ

253 (3765) ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖജനാവിന് നഷ്ടം വരുത്തിയിട്ടുള്ളതായും അഴിമതിയും ക്രമക്കേടുകളും നടത്തിയതായും ആരോപിക്കപ്പെട്ടിട്ടുള്ളതായ ഏതെല്ലാം മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസുകൾ പ്രാഥമിക അന്വേഷണം നടത്തി തുടരന്വേഷണം ആവശ്യമില്ലെന്ന നിലയിൽ അവസാനിപ്പിക്കുകയുണ്ടായിട്ടുണ്ട്;

(ബി) ഉദ്യോഗസ്ഥർക്കെതിരെ ഉണ്ടായ ഏതെങ്കിലും ആരോപണത്തിന്മേലോ ഹർജിയിലോ വിജിലൻസ് പ്രാഥമികാന്വേഷണം നടത്തി തുടരന്വേഷണം ആവശ്യമില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;എങ്കിൽ ഏതൊക്കെ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ബാർ ലൈസൻസ് ഫീസ് കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പുമന്ത്രി ശ്രീ. ബാബുവിനെതിരായുണ്ടായ ആരോപണത്തിൽ ഒരു പ്രാഥമികാന്വേഷണം നടത്തുകയും ആരോപണങ്ങൾ തെളിയിക്കുന്നതിന് അടിസ്ഥാനമായ വസ്തുതകൾ ലഭിക്കാത്തതിനാൽ അന്വേഷണം അവസാനിപ്പിക്കുകയുമുണ്ടായി.

(ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു. *

കേപ്പിന്റെ ആശ്രുപത്രി സംബന്ധിച്ച വിജിലൻസ് അന്വേഷണം

254 (3766) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിൽ കേപ്പിന്റെ കീഴിലുള്ള സഹകരണ ആശ്രുപത്രിയുടെ പ്രവർത്തനങ്ങളെയും നിയമനങ്ങളെയും സംബന്ധിച്ച് വിജിലൻസ് അന്വേഷണം നിലവിലുണ്ടോ ;

(ബി) ഇതിന്റെ തൽസ്ഥിതി വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ആലപ്പുഴ ജില്ലയിലെ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷന്റെ (കേപ്പ്) കീഴിലുള്ള പുന്നപ്ര സഹകരണ ആശുപത്രിയിൽ 28.02.2011 മുതൽ 23-5-2011 വരെയുള്ള കാലയളവിൽ 1-3-2011-ലെ എക്സിക്യൂട്ടീവ് തീരുമാനത്തിന് വിരുദ്ധമായി അനധികൃതമായി 185 കരാർ ജീവനക്കാരുടെ കരാർ നീട്ടിക്കൊടുത്തതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഒരു വിജിലൻസ് അന്വേഷണം നടത്തുകയും (വി.ഇ. 02/2014/എ.എൽ.പി.) ടി വിജിലൻസ് അന്വേഷണത്തിൽ മുൻ കേപ്പ് ഡയറക്ടർ ശ്രീ. റിജി. ജി. നായർക്കെതിരായി പ്രഥമദൃഷ്ട്യാ ആരോപണം തെളിയിക്കപ്പെട്ടതിനാൽ ഒരു വിജിലൻസ് കേസ് (വി.സി. 13/2015/എ.എൽ.പി.) രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസന്വേഷണം പുരോഗമിച്ചുവരുന്നു.

വിജിലൻസിനെ ശക്തിപ്പെടുത്താനുള്ള നടപടികൾ

255 (3767) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിജിലൻസ് അന്വേഷണ വിഭാഗത്തെ ശക്തിപ്പെടുത്താൻ എന്ത നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

വിജിലൻസ് അന്വേഷണങ്ങളും കേസുകളും ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാർക്കും പകുതിയിലധികം പോലീസ് ഇൻസ്പെക്ടർമാർക്കും ലാപ്ടോപ് കമ്പ്യൂട്ടറുകൾ നൽകുകയും അന്വേഷണങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നൂതന അന്വേഷണോപകരണങ്ങൾ എല്ലാ ജില്ലാ ഓഫീസുകൾക്കും നൽകുകയും ചെയ്തിട്ടുണ്ട്. ബ്യൂറോയിലെ പോലീസ് ഇൻസ്പെക്ടർമാർക്കും അതിനുമുകളിലുള്ള ഉദ്യോഗസ്ഥർക്കും പ്രോത്സാഹനമെന്ന നിലയിൽ ബാഡ്ജ് ഓഫ് ഓണർ ബഹുമതി നൽകിവരുന്നുണ്ട്. കൂടാതെ അന്വേഷണ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത മെച്ചപ്പെടുത്തുവാൻ സി.ബി.ഐ. ടെയിനിംഗ് ഉൾപ്പെടെയുള്ള ആവശ്യമായ പ്രത്യേക പരിശീലനവും നൽകിവരുന്നുണ്ട്.

ഹാൻടെക്സിലെ ജീവനക്കാർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

256 (3768) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സ്വദയം മറുപടി നൽകുമോ:

(എ) ഹാൻടെക്സിലെ ഏതെങ്കിലും ജീവനക്കാർക്കെതിരെ വിജിലൻസ് അന്വേഷണം നടന്നു വരുന്നുണ്ടോ;